# അനുബന്ധ ഭാഗം

# പരിശുദ്ധാത്മാവിനെ പുതിയ നിയമം എങ്ങനെ പറഞ്ഞിരിക്കുന്നു?

പരിശുദ്ധാത്മാവിനെ കുറിച്ച് ബൈബിൾ പഠിപ്പിക്കുന്നതു മനസിലാക്കുവാൻ പരിശുദ്ധാത്മാവിനെ വിവിധ നാമങ്ങളിൽ വിവരിച്ചിരിക്കുന്നത് നോക്കേണ്ടതുണ്ട്. ഇതാ അവനെ പുതിയനിയമത്തിൽ പറഞ്ഞിരിക്കുന്ന ചില രീതികൾ:

**ആത്മാവ്**

ലൂക്കൊസ് എഴുതി, "യേശു പരിശുദ്ധാത്മാവ് നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങി; ആത്മാവ് അവനെ മരുഭൂമിയിലേക്ക് നടത്തി" (ലൂക്കൊസ് 4:1). തീർച്ചയായും അവനെ നടത്തിയ ആത്മാവ് പരിശുദ്ധാത്മാവ് തന്നെയായിരുന്നു.

മർക്കൊസ് 3:29 പറയുന്നു, "പരിശുദ്ധാത്മാവ്," എന്നാൽ മത്തായി 12:31 പറയുന്നു, പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നതിനെ സൂചിപ്പിച്ചിരിക്കുന്നു "ആത്മാവ്" (പഴയനിയമത്തിൽ പല പ്രാവശ്യവും പരിശുദ്ധാത്മാവിനെ കുറിച്ചു പറഞ്ഞിട്ടുള്ളത് "ആത്മാവ്" എന്നാണ് – ഉദാഹരണത്തിന്, സംഖ്യാപുസ്തകം 11:17, 25–29; 27:18).

**പിതാവിന്റെ ആത്മാവ്**

മത്തായി 10:20-ൽ ഉപയോഗിച്ചിരിക്കുന്നത്, "നിങ്ങളുടെ പിതാവിന്റെ ആത്മാവ്" എന്നാണ്. പക്ഷെ മർക്കൊസ് 13:11-ൽ അപ്പൊസ്തലന്മാരെ ശ്വാസിയമാക്കിയതിനെ കുറിച്ചു സൂചിപ്പിച്ച് "ആത്മാവ്" എന്നാണ് പറഞ്ഞത്. ("പിതാവിന്റെ ആത്മാവ്" എന്ന പ്രയോഗം പഴയനിയമത്തിലില്ല.)

**ദൈവത്തിന്റെ ആത്മാവ്**

മത്തായി 3:16-ൽ "ദൈവത്തിന്റെ ആത്മാവ്" എന്നാണ്. മർക്കൊസ് 1:10 ലും യോഹന്നാൻ 1:32 ലും "ആത്മാവ്" എന്നാണ്. യേശു സ്നാനം ഏറ്റപ്പോൾ പരിശുദ്ധാത്മാവ് പ്രാവെന്നപോലെ വന്നതിനെ കുറിച്ച് ലൂക്കൊസ് 3:22-ൽ "പരിശുദ്ധാത്മാവ്" എന്നാണ് ഉപയോഗിച്ചത്. മറ്റു പുതിയ നിയമ വേദഭാഗങ്ങളിൽ ആത്മാവിനെ "ദൈവത്തിന്റെ ആത്മാവ്" എന്നാണ് പറഞ്ഞിരിക്കുന്നത് (റോമർ 8:9, 14; 1 കൊരിന്ത്യർ 2:11, 14; 3:16; 6:11; 7:40; 12:3; 2 കൊരിന്ത്യർ 3:3; എഫെസ്യർ 4:30). പഴയനിയമത്തിൽ "ദൈവത്തിന്റെ ആത്മാവ്" എന്ന് ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്: (ഉല്പത്തി 1:2; പുറപ്പാട് 31:3; 35:31; സംഖ്യാപുസ്തകം 24:2; 1 ശമുവേൽ 11:6).

**സഹായി അല്ലെങ്കിൽ കാര്യസ്ഥൻ**

യോഹന്നാൻ 14:26-ൽ "ഹെൽപ്പർ" എന്നും "പരിശുദ്ധാത്മാവ്" എന്നും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്: എന്നാൽ ഹെൽപ്പർ ["കാര്യസ്ഥൻ," കെജെവി;

“കൗൺസിലർ”എൻഐവി], പരിശുദ്ധാത്മാവ്, ...”

**സത്യത്തിന്റെ ആത്മാവ്**

യോഹന്നാൻ 14:16, 17 ലെ “കാര്യസ്ഥൻ” എന്നും “പരിശുദ്ധാത്മത്മാവ്” എന്നും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്. ഇത് യോഹന്നാൻ 15:26 ലും വാസ്തവമാണ്: “ഞാൻ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ, അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും.”

**കർത്താവിന്റെ ആത്മാവ്**

ലൂക്കൊസ് 4:18-ൽ യേശു പറഞ്ഞു, “കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്, ...” പ്രവൃത്തികൾ 5:9 പറയുന്നു, “കർത്താവിന്റെ ആത്മാവ്” (5:3-ൽ പറഞ്ഞിരിക്കുന്ന “പരിശുദ്ധാത്മാവാണ്”). 2 കൊരിന്ത്യർ 3:17 വായിക്കുക. (പഴയനിയമം പല പ്രാവശ്യം പറയുന്നു “യഹോവയുടെ ആത്മാവ്” - ന്യായാധിപന്മാർ 6:34; 11:29; 13:25; 14:6.)

**യേശുക്രിസ്തുവിന്റെ ആത്മാവ്**

റോമർ 8:9-ൽ “ക്രിസ്തുവിന്റെ ആത്മാവ്” എന്നാണ്. ഗലാത്യാർ 4:6-ൽ “അവന്റെ പുത്രന്റെ ആത്മാവ്” എന്നാണ്. കൂടാതെ ഫിലിപ്പിയർ 1:19; 1 പത്രൊസ് 1:11. അവയെ 2 പത്രൊസ് 1:20, 21 മുതൽ 1 പത്രൊസ് 1:11 വരെ താരതമ്യം ചെയ്താൽ ക്രിസ്തുവിന്റെ ആത്മാവും പരിശുദ്ധാത്മാവും ഒന്നു തന്നെയാണെന്ന് നമുക്ക് തീർച്ചയാക്കാം.

പരിശുദ്ധാത്മാവിനെ കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ, അവനെ പല പേരുകളിൽ പറഞ്ഞിട്ടുണ്ട് എന്നുള്ളത് തിരിച്ചറിയേണ്ടതാണ്. തിരുവെഴുത്തിൽ പരിശുദ്ധാത്മാവിനെ പല പേരുകളിൽ പറഞ്ഞിട്ടുള്ളത് പരിശുദ്ധാത്മാവ് തന്നെയാണെന്ന് തെളിയിക്കേണ്ട ആവശ്യമില്ല. സന്ദർഭത്തിൽ മറ്റൊരർത്ഥം പറയുന്നില്ലെങ്കിൽ അർത്ഥമാക്കുന്നത് പരിശുദ്ധാത്മാവ് തന്നെയാണെന്ന് നമുക്ക് ഉറപ്പിക്കാം.

# യേശു ഒരേപോലെ ഇരിക്കുന്നു

"യേശു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യൻ" (എബ്രായർ 13:8) എന്ന പ്രസ്താവന എടുത്തുകൊണ്ട് ചില മതവിഭാഗങ്ങൾ ഇന്നും അത്ഭുതങ്ങളും അടയാളങ്ങളും നടക്കുമെന്ന് വാദിക്കുന്നു. ആ തീർപ്പ് ശരിയല്ല, കാരണം ആ വേദഭാഗം അത്ഭുതങ്ങളെ കുറിച്ചല്ല പറയുന്നത്, മറിച്ച് തന്റെ ജനത്തിനായി കരുതുകയും എപ്പോഴും നൽകുകയും ചെയ്യുമെന്നാണ് അവിടെ പറയുന്നത് (എബ്രായർ 13:5, 6). കൂടാതെ, യേശു മുൻപ് ആയിരുന്ന എല്ലാ വശങ്ങളും, ചെയ്തിരുന്ന എല്ലാ പ്രവർത്തികളും, തുടരുന്നില്ല എന്നതാണ് വാസ്തവം. എല്ലാ അർത്ഥത്തിലും യേശു എപ്പോഴും ഒരേപോലെ ആയിരിക്കയില്ല എന്നർത്ഥം; ഉദാഹരണത്തിന്, യേശു ഭൂമിയിൽ വന്ന് മനുഷ്യരൂപം എടുക്കുന്നതിന് മുൻപ് ആത്മാവിന്റെ രൂപത്തിലായിരുന്നു (യോഹന്നാൻ 1:14; എബ്രായർ 10:5), പിന്നെ അവൻ സ്വർഗാരോഹണം ചെയ്തു പിതാവിന്റെ അടുക്കൽ പോയപ്പോൾ ആദ്യത്തെ അവസ്ഥയിലായി (യോഹന്നാൻ 17:5). യേശു ഇപ്പോൾ, വ്യക്തിയായി ഭൂമിയിൽ ഇല്ല, അല്ലെങ്കിൽ താൻ ദൈവപുത്രനാണെന്ന് ആളുകളെ വിശ്വസിപ്പിക്കുവാൻ വ്യക്തിയായി വന്ന് അത്ഭുതങ്ങൾ ചെയ്യുകയില്ല. അവൻ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തതിന്റെ ഉദ്ദേശം നാം വിശ്വസിക്കേണ്ടതിന്ന് രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 20:30, 31). അതുപോലെ, അവന്റെ ക്രൂശിലെ വീണ്ടെടുപ്പു മരണം തുടർച്ചയായി ചെയ്യേണ്ട ഒന്നായിരുന്നില്ല, മറിച്ച് ഒരിക്കൽ ചെയ്തു എന്നേക്കും അതിന്റെ ഫലം ലഭിക്കുകയും ചെയ്യുന്നതുകൊണ്ട് ആവർത്തിക്കേണ്ടതില്ല (എബ്രായർ 1:3; 7:27; 9:12, 24-26; 10:12-14).

അതുപോലെ, ശരീരത്തിനപ്പുറമായ പ്രവർത്തികളും ഒരേപോലെ ആയിരിക്കയില്ല. അവൻ എല്ലാം സൃഷ്ടിച്ചതു (യോഹന്നാൻ 1:3; കൊലൊസ്യർ 1:16) ആറു ദിവസം കൊണ്ടായിരുന്നു (ഉല്പത്തി 2:2; പുറപ്പാട് 20:11), നമുക്ക് അറിയാവുന്നേടത്തോളം ഒരിക്കൽ പൂർത്തിയാക്കിയതും പിന്നീട് ആവർത്തിക്കേണ്ടാത്തതുമായ പ്രവൃത്തിയായിരുന്നു അത്. ആ അത്ഭുത സൃഷ്ടിയിലൂടെ യേശു തന്റെ നിലനിൽപും മഹത്വവും തെളിയിച്ചു (റോമർ 1:19, 20; സങ്കീർത്തനങ്ങൾ 19:1; യോഹന്നാൻ 1:1-3). അതുപോലെ സകല സത്യവും വെളിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു (യോഹന്നാൻ 14:26; 16:13; യൂദാ 3) - അതിനോട് കൂട്ടുകയോ മാറ്റം വരുത്തുകയോ ചെയ്യേണ്ട ആവശ്യമില്ല (ഗലാത്യർ 1:8, 9; വെളിപ്പാട് 22:18, 19) - അവൻ പുതിയ സത്യം ഇനി വെളിപ്പെടുത്തിക്കൊണ്ടിരിക്കുകയില്ല.

യേശു തന്റെ വ്യക്തിത്വത്തിലും, നമ്മോടുള്ള കരുതലിലും മാറ്റം വരുത്തുന്നില്ല, എന്നാൽ അതിനർത്ഥം അവൻ പുതിയ ലോകം സൃഷ്ടിക്കുമെന്നോ, നമ്മുടെ പാപങ്ങൾക്ക് വേണ്ടി വീണ്ടും മരിക്കുമെന്നോ, ഉയർത്തെഴുന്നേൽക്കുമെന്നോ, വെള്ളത്തിന്മീതെ നടക്കുമെന്നോ, ഏതാനും അപ്പവും മീനും കൊണ്ട് പുരുഷാരത്തെ പോറ്റുമെന്നോ, അല്ലെങ്കിൽ നാം വിശ്വസിക്കേണ്ടതിന് വലിയ അത്ഭുതം ചെയ്യുമെന്നോ അർത്ഥമാക്കരുത്. നമ്മുടെ വിശ്വാസം അത്ഭുതങ്ങളുടെ അടിസ്ഥാനത്തിലല്ല. കാണുന്ന അടയാളങ്ങളെയും ആശ്രയിച്ചല്ല നമുക്ക് വിശ്വാസം ഉണ്ടാകേണ്ടത്. നാം കാണാതെ

ദൈവത്തിന്റെ എഴുതപ്പെട്ട സാക്ഷ്യം വിശ്വാസിച്ചാൽ നാം ഭാഗ്യവാന്മാരാകും (യോഹന്നാൻ 20:29). യേശു ക്രിസ്തുവാണെന്നും, ദൈവപുത്രനാണെന്നും നാം അടക്കം പിൻതലമുറകൾ, വിശ്വസിക്കേണ്ടതിന്ന്, അവന്റെ അത്ഭുതപ്രവൃത്തികൾ രേഖപ്പെടുത്തിയിരിക്കുന്നു (യോഹന്നാൻ 20:30, 31).

പ്രസംഗിച്ചത് പത്രൊസ് ആയിരുന്നുവെങ്കിലും, പെന്തെകൊസ്തുനാളിൽ നൽകിയ സാക്ഷ്യത്തെ ദൈവം "അത്ഭുതത്തോടും അടയാളത്തോടും" അംഗീകരിച്ചു (പ്രവൃത്തികൾ 2:22). യേശുവിൽ വിശ്വസിക്കാത്തവർ യേശുവിനെ കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യത്തെയും വിശ്വസിക്കുകയില്ല: "... ദൈവത്തെ വിശ്വസിക്കാത്തവൻ *ദൈവം തന്റെ പുത്രനെ കുറിച്ചു പറഞ്ഞ സാക്ഷ്യം* വിശ്വസിക്കായ്കയാൽ അവനെ അസത്യവാദിയാക്കുന്നു" (1 യോഹന്നാൻ 5:10; എംഫസിസ് മൈൻ). ദൈവം തുടർച്ചയായി *സാക്ഷ്യം* നൽകുമെങ്കിലും, ദൈവം *സാക്ഷ്യം* പറയുന്നതായിട്ടല്ല ഈ വാകൃത്തിലുള്ളത് (ഗ്രീക്ക്.: *മെമാർതുരേക്കൻ*, പൂർണ്ണ, സൂചക, ക്രിയയാണ്), അതിന്റെ പ്രവർത്തി പൂർത്തിയാക്കുകയും ഫലം തുടരുകയും ചെയ്യുമെന്നർത്ഥം. യേശുവിനെ കുറിച്ചുള്ള ദൈവത്തിന്റെ സാക്ഷ്യം പൂർത്തിയാക്കി, വിശ്വസം ജനിക്കേണ്ടതിന് ആ സാക്ഷ്യം ഇപ്പോഴും ലഭ്യമാണ് എന്നാണ് വ്യക്തമാക്കുന്നത്. തന്റെ എഴുതപ്പെട്ട വചനം മുഖാന്തരം തുടർച്ചയായി ആളുകളിൽ വിശ്വാസമുണ്ടാകുന്നതിന് യേശുവിന്റെ അത്ഭുതങ്ങളാലും അടയാളങ്ങളാലും നടത്തിയ ദൈവത്തിന്റെ കഴിഞ്ഞ കാലസാക്ഷ്യം ഇന്നും ആളുകളിൽ വിശ്വാസം ജനിപ്പിക്കുന്നു (യോഹന്നാൻ 20:30, 31).

# പരിശുദ്ധാത്മാവിനെ ദുഷിക്കൽ

പരിശുദ്ധാത്മാവിനെതിരെയുള്ള പാപങ്ങളിൽവെച്ച് ഏറ്റവും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത് പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണമാണ്. യേശു പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണത്തെ കുറിച്ച് പറഞ്ഞിരിക്കുന്നതിനെ കുറിച്ച് വളരെയധികം വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. ആ തെറ്റിനെ കുറിച്ച് നാലിൽ മൂന്നു സുവിശേഷണങ്ങളും പറയുന്നുണ്ട് (മത്തായി 12:31, 32; മർക്കൊസ് 3:28, 29; ലൂക്കൊസ് 12:9, 10).

മറ്റു വേദഭാഗങ്ങൾ പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നതായിട്ടുണ്ട് എന്ന് ചിലർ തെറ്റായി പഠിപ്പിക്കുന്നുണ്ട്. ഉദാഹരണമായി, എബ്രായർ 6:4–6 ഉം 1 യോഹന്നാൻ 5:16 ഉം. അതു രണ്ടും ആ പ്രത്യേക പാപത്തെ കുറിച്ചല്ല പറയുന്നത്. എഴുത്തുകാർ ആ പാപത്തെ പ്രത്യേകമായി പരിശുദ്ധാത്മാവിനെതിരായ ദൂഷണമായി പറഞ്ഞിട്ടില്ല. പകരം ആ വാക്യങ്ങൾ പൊതുവായ പാപത്തെ കുറിച്ചാണ് പറയുന്നത്.

മത്തായിയുടെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത്, പരിശുദ്ധാത്മാവിന്റെ ബഹുമതി മറ്റുള്ളവരുടെ ദൃഷ്ടിയിൽ ദുഷിക്കുന്നതിനെയാണ്.യേശു സാത്താന്റെ ശക്തികൊണ്ടാണ് ഭൂതങ്ങളെ പുറത്താക്കുന്നതെന്ന കുറ്റമായിരുന്നു പരീശന്മാർ യേശുവിൽ ഉന്നയിച്ചത് (മത്തായി 12:24). യേശുവിനേയും അവന്റെ ഉപദേശത്തെയും അവർതള്ളിക്കളയുന്നതിനപ്പുറമായി അവർ അവനെതിരെ ചെയ്തു. അവർ അവനെ ദൂഷിച്ചിരുന്നു. അവനെതിരെയുള്ള ആരോപണം ക്ഷമിക്കപ്പെടും എന്നാണ് കർത്താവ് പറഞ്ഞത് (മത്തായി 12:32).

പൗലൊസ് - ശൗൽ ആയിരുന്നപ്പോൾ - ക്രിസ്ത്യാനികളെ ഉപദ്രവിച്ച്, യേശുവിനെ ഉപദ്രവിച്ചിരുന്നു, ദൂഷണം പോലും നടത്തിയിരുന്നു (1 തിമൊഥെയൊസ് 1:13–16). യേശുവിനെ ദുഷിച്ചാലും ക്ഷമിക്കുമെന്നതിന്റെ ഉദാഹരണമാണ് പൗലൊസ്.

അതിനെതിരായി, പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറഞ്ഞാൽ ക്ഷമിക്കുകയില്ലെന്നാണ് യേശു പറഞ്ഞത്. ഇങ്ങനെ ചെയ്യുന്നവർ ക്രിസ്ത്യാനിത്വത്തിന്റെ അടിസ്ഥാനത്തേക്കാളുപരി അറിയേണ്ടതുണ്ട്. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളടക്കമുള്ള നല്ല പോയിന്റുകൾ അവർ മനസിലാക്കണം.അവനെതിരായി സംസാരിക്കുമ്പോൾ, അവന്റെ പ്രവർത്തികളെ തള്ളിക്കളയുക മാത്രമല്ല, മറ്റുള്ളവരെ സാത്താനിലേക്ക് നയിക്കുകയും ചെയ്യുന്നു. അത്തരം ദൂഷകന്മാർ നശിക്കുന്നതോടുകൂടെ ആ ഉപദേശം സ്വീകരിക്കുന്നവർ കൂടെ നഷ്ടപ്പെടുവാൻ ആ വഞ്ചന ഇടയാക്കുന്നു.

ദൂഷണം പരിശുദ്ധാത്മാവ് നല്കിയ വചനത്തെ തള്ളിക്കളയുന്നതിനേക്കാളധികമാണ്. പരിശുദ്ധാത്മാവിനെതിരെ സംസാരിക്കുമ്പോൾ അവന്റെ പ്രവർത്തനങ്ങൾ മതിപ്പില്ലാതാക്കുകയാണ്, അവന്റെ പ്രവൃത്തികൾ ദുഷ്ടനിൽനിന്നു വരുന്നതായി പ്രചരിപ്പിക്കയും ചെയ്യുന്നു. ആരും അതു നിസാരമായി ചെയ്യുകയില്ല. ദുഷ്ട ഹൃദയമുള്ളവർക്കു മാത്രമെ ദുഷ്ടലാക്കോടെ പ്രവർത്തിക്കുവാൻ കഴിയു. ആരെങ്കിലും ഈ മനോഭാവത്തോടെ പരിശുദ്ധാത്മാവിനെതിരെ പ്രചാരണം നടത്തിയാൽ ആ പാപം ഈ ലോകത്തിലും വരുവാനുള്ള ലോഗത്തിലും ക്ഷമിക്കുകയില്ല; അവൻ എന്നേക്കുമുള്ള പാപ

മാണ് ചെയ്യുന്നത് (മർക്കൊസ് 3:29).

പരിശുദ്ധാത്മാവിനെതിരെയുള്ള ദൂഷണത്തിൽ മൂന്നു തെറ്റുകളാണ് അടങ്ങിയിരിക്കുന്നത്: (1) അയാൾക്ക് പരിശുദ്ധാത്മാവിനോട് വിദ്വേഷമുള്ള മനോഭാവമാണുള്ളത്, (2) അവനെതിരെ ദോഷം സംസാരിക്കുന്നു, (3) അവന്റെ പ്രവൃത്തിയെ ത്യജിക്കുവാൻ മറ്റുള്ളവരെ സ്വാധീനിക്കയും, അവന്റെ പ്രവൃത്തികൾ ദുഷ്ടനിൽനിന്നാണെന്ന് വരുത്തിതീർക്കുകയും ചെയ്യുന്നു.

# യേശുവും പരിശുദ്ധാത്മാവും

യേശുവിനെ മറി കടക്കുന്ന പ്രവൃത്തിയായിരുന്നില്ല പരിശുദ്ധാത്മാവിന്റേത്, എന്നാൽ അവനെ മഹത്വപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നതാണ്. യേശു പറഞ്ഞു, "... സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ, സകല സത്യത്തിലും വഴി നടത്തും, അവൻ സ്വയമായി സംസാരിക്കാതെ, കേൾക്കുന്നതു സംസാരിക്കും; ... അവൻ അവനെ മഹത്വപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 16:13, 14). യോഹന്നാൻ സ്നാപകൻ തന്നെക്കുറിച്ച് സംസാരിക്കാതെ യേശുവിനെ കുറിച്ച് സംസാരിച്ചതുപോലെ (യോഹന്നാൻ 1:26, 27), ആത്മാവ് യേശുവിനെ ഉയർത്തി അവന് സകല മാനവും, തേജസും, പുകഴ്ച്ചയും ശക്തിയും മഹത്വവും നൽകേണ്ടിയിരുന്നു (വെളിപ്പാട് 4:11).

# ക്രിസ്ത്യാനികളിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം

1. പാപത്തിന്റേയും മരണത്തിന്റേയും പ്രമാണത്തിൽനിന്ന് നമ്മെ അവൻ സ്വതന്ത്രമാക്കുന്നു (റോമർ 8:2-8).

2. അവൻ നമുക്ക് പുനരുത്ഥാനം കൊണ്ടുവരുന്നു (റോമർ 8:11).

3. അവൻ പ്രാർത്ഥനയിൽ നമ്മെ സഹായിക്കുന്നു (റോമർ 8:26; എഫെസ്യർ 6:18).

4. അവൻ നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു (റോമർ 8:26, 27).

5. അവൻ നമ്മെ നയിക്കുന്നു (റോമർ 8:14).

6. അവൻ വീണ്ടെടുപ്പിൻ നാളിനായി അച്ചാരം തന്നു നമ്മെ മുദ്രയിടുന്നു (2 കൊരിന്ത്യർ 1:22; എഫെസ്യർ 1:13, 14; 4:30).

7. അവനു നമ്മോട് കൂട്ടായ്മയുണ്ട് (2 കൊരിന്ത്യർ 13:14).

8. അവൻ നമുക്ക് പിതാവിങ്കലേക്ക് പ്രവേശനം തരുന്നു (എഫെസ്യർ 2:18).

9. അവൻ നമ്മുടെ ആന്തരിക വ്യക്തിയെ ശക്തിപ്പെടുത്തുന്നു (എഫെസ്യർ 3:16).

10. അവൻ ഐക്യത വരുത്തുന്നു (എഫെസ്യർ 4:3).

11. അവൻ നമ്മെ ശുദ്ധീകരിക്കുന്നു (2 തെസലൊനിക്യർ 2:13).